

## പല്ലവി

അനുഗ്രഹക്കടലേ എഴുന്നെള്ളിവരികയി-
ന്നനുഗ്രഹമടിയാരിലളവെന്യെ പകരാൻ

## അനുപല്ലവി

പിച്ചളസർപത്തെ നോക്കിയ മനുജ-
ർക്കൊക്കെയുമനുഗ്രഹജീവൻ നീ നല്കിയെ

## ചരണങ്ങൾ

എന്നിൽ നിന്നു കുടിച്ചീടുന്നോർ വയറ്റിൽ നി-
ന്നനുഗ്രഹജലനദിയൊഴുകുമെന്നരുളി നീ
പന്ത്രണ്ടപ്പോസ്തലന്മാരിൽ കൂടാദ്യമായ്
പെന്തിക്കോസ്തിൻ നാളിലൊഴുകിയ വൻനദി

ആത്മമാരി കൂടാതെങ്ങനെ ജീവിക്കും
ദേശങ്ങൾ വരണ്ടുപോയി ദൈവമേ കാണണേ
യോവേൽ പ്രവാചകൻ ഉരച്ച നിൻ വാഗ്ദത്തം
ഞങ്ങളിലിന്നു നീ നിവൃത്തിയാക്കീടണം

പരിശുദ്ധ കാര്യസ്ഥൻ ഞങ്ങളിൽ വന്നെല്ലാ
കുറവുകൾ തീർക്കണം കരുണയിൻ നദിയെ
വീട്ടിലും നാട്ടിലും വഴിയിലും പുഴയിലും
ഏവർക്കുമനുഗ്രഹമടിയങ്ങളായിടാൻ



**Contact:**
**ROSHAN GEORGE**

**Email:**
thesaintofparumala@gmail.com
mail@roshangeorge.me



മരുപ്രദേശം പാട്ടോടുല്ലസിച്ചാനന്ദി-
ച്ചേദനു തുല്ല്യമായി സുഗന്ധങ്ങൾ വീശണം
പീശോൻ ഗീഹോൻ നദി ഹിദ്ദെക്കൽ ഫ്റാത്തതും
മേദനിയിൽ ഞങ്ങൾക്കേകണം ദൈവമേ

കുരുടന്മാർ കാണണേ ചെകിടന്മാർ കേൾക്കണേ
മുടന്തുള്ളോർ ചാടണേ ഊമന്മാർ പാടണേ
വീണ്ടെടുത്തോരെല്ലാം കൂട്ടമായി കൂടി നിൻ
എതിരേല്പിൻ ഗാനങ്ങൾ ഘോഷമായി പാടണം

സിംഹങ്ങൾ കേറാത്ത വഴി ഞങ്ങൾക്കേകണേ
ദുഷ്ടമൃഗങ്ങൾക്കു കാടുകളാകല്ലെ
രാജമാർഗേ ഞങ്ങൾ പാട്ടോടുമാർപ്പോടും
കുരിശിന്റെ കൊടിക്കീഴിൽ ജയത്തോടു വാഴാൻ

സീയോൻ യാത്രക്കാരെ ദൈവമേ ഓർക്കണേ
വഴിമധ്യേ അവർക്കുള്ള സങ്കടം തീർക്കണേ
വരുമെന്നരുളിയ പൊന്നു കാന്താ നിന്റെ
വരവിനു താമസം മേലിലുണ്ടാകല്ലെ



**Contact:**
**ROSHAN GEORGE**

**Email:**
thesaintofparumala@gmail.com
mail@roshangeorge.me